SAVE 2002

### ഭരണഘടനയനുസരിച്ചുള്ള സത്യവാചകം

കഃഖഃ ആയ ഞാൻ, നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറുംപുലർത്തുമെന്നുംഞാൻ ഭാരതത്തിന്റെപരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നുംഞാൻ സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനസ്സാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവുമനുസരിച്ച് ഭീതിയോ ***പക്ഷപാതമോ*** പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാതരത്തിലുമുള്ളജനങ്ങൾക്കും നീതിചെയ്യു മെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

### അധികാരമേറ്റുകൊണ്ട് നമ്മുടെ മന്ത്രിമാർ ചൊല്ലിയ സത്യവാചകം.

- ---എന്ന ഞാൻ നിയമപ്രകാരം ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഇൻഡ്യൻ ഭരണഘടനയോട് യഥാർത്ഥമായവിശ്വാസവും കൂറുംകാണിക്കുമെന്നും ഇൻഡ്യയുടെ പരമാധികാരവും അഖണ്ഡ്ഡതയും നിലനിർത്തുമെന്നും കേരള സംസ്ഥാന മന്ത്രി യെന്ന നിലയിൽ എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടുംമനസ്സാക്ഷിയോടും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവുമനുസരിച്ച് ഭീതിയോ പ്രീതിയോ ***സ്നേഹമോ*** വിദ്വേഷമോകൂടാതെഎല്ലാവിധത്തിലുള്ളആളുകളോടും നീതി കാണിക്കുമന്നുംദൈവത്തിന്റെ/ അള്ളാഹുവിന്റെ പേരിൽ സത്യ പ്രതിജ്ഞ/ദൃഢ പ്രതിജ്ഞ ചെയ്യുന്നു.

**(പക്ഷപാത രഹിതമായി ഭരിക്കണമെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുമ്പോൾ സ്നേഹം കൂടാതെ ജനങ്ങളെ ഭരിക്കുമെന്ന് നമ്മുടെ മന്ത്രിമാർ പ്ര ജ്ഞ എടുത്തിരിക്കുന്നു.!!)**

## ഭരണഘടനയെ മാനിക്കുക.......
## മന്ത്രിമാർ പുനഃസത്യപ്രതിജ്ഞ ചെയ്യുക.......

കശാപ്പുകാർക്ക് പോലും കരളിൽ സ്നേഹത്തിന്റെ കണിക പാടില്ലെന്ന് ഒരു വേദപുസ്തകവും പറയുന്നില്ല. പക്ഷെ, നമ്മുടെ ഭരണഘടന അനുശാസിക്കുന്നില്ലെങ്കിലും തങ്ങളെ തെരഞ്ഞെടുത്ത പ്രിയ ജനങ്ങളെ സ്നേഹംകൂടാതെ മാത്രമെ ഭരിക്കുകയുള്ളുവെന്ന് സത്യവാചകം ചൊല്ലിയാണ് ഈ മന്ത്രിസഭ അധികാരത്തിൽ കയറിരിക്കുന്നത്. . രാജ്യാധികാരികൾ സ്നേഹം കൂടാതെ മാത്രമെ ഭരിക്കാവൂയെന്നു മുപ്പെത്തിമുക്കോടി ഹിന്ദു ദൈവങ്ങളോ യേശുദേവനോ നബിതിരുമേനിയോ കല്പിച്ചതായി നമ്മൾ ആരും പറഞ്ഞു കേട്ടിട്ടില്ല. ഈ ദൈവങ്ങളുടെയും അള്ളാഹുവിന്റെയും മനസ്സാക്ഷിയുടേയും നാമത്തിൽ നമ്മുടെ മന്ത്രിമാർ സ്നേഹത്തെ സ്നേഹപൂർവ്വം ആട്ടിപ്പുറത്താക്കിയിരിക്കുന്നു. ഇതിനവർ കൂട്ടുപിടിക്കേണ്ടിയിരുന്ന നാമം പിശാചിന്റേതായിരുന്നു. സമ്പൂർണ്ണ സാക്ഷര കേരളത്തിലെ നമ്മുടെ മന്ത്രിമാർ സിംഹാസനത്തിൽ ചാടിക്കയറുന്നതിന് മുമ്പ് നടത്തിയ *ഈ സത്യപ്രതിജ്ഞനമുക്ക് അപമാനമാണ്. ഭരണഘടനയെ മാത്രമല്ല നമ്മുടെ സംസ്കാരത്തേയുമാണിവർ കളങ്കപ്പെടുത്തിയിരിക്കുന്നത്.*

പക്ഷപാത സമീപനം വർജ്ജിക്കണമെന്ന ഭരണഘടനാ സത്യവാചകം ഒഴിവാക്കുക വഴി ഇത്തരം സമീപനത്തിനുള്ള ലൈസൻസും ഈ മന്ത്രിമാർ ബുദ്ധിപൂർവ്വം തരപ്പെടുത്തുകയാണ്ചെയ്തയിരിക്കുന്നത്. ഈ തല തിരിഞ്ഞ സത്യപ്രതിജ്ഞ ഇവരിപ്പോൾ പ്രയോഗത്തിൽ കൊണ്ടുവന്നുകഴിഞ്ഞു. പതിനായിരത്തിലപ്പുറം കോടിരൂപയുടെ റെവന്യൂ കുടിശ്ശിക പിരിച്ചെടുക്കുവാൻ പക്ഷപാതപരമായി ഉദാസീനത കാട്ടുന്ന ഇവർ 500 കോടിരൂപയുടെ സംസ്ഥാന ജീവനക്കാരുടെ അവകാശങ്ങൾ സ്നേഹരഹിതമായി തട്ടിപ്പറിക്കുന്നു.ആൾ ഇൻഡ്യാ സർവീസ് ജീവനക്കാരുടെ ക്ഷാമബത്ത കൃത്യമായി കേന്ദ്ര നിരക്കിൽ നൽകുമ്പോൾ സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്തയെന്ന ഡിമാന്റ് കേൾക്കുന്നതു പോലും നമ്മുടെ മുഖ്യമന്ത്രിക്ക് അസ്വസ്ഥതയുണ്ടാക്കുന്നു. പതിനായിരകണക്കിനേക്കർ വനഭൂമിയുടെ പാട്ടം പതിറ്റാണ്ടുകളായി വർദ്ധിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല കുടിശ്ശിക പിരിച്ചെടുക്കുവാൻ പോലും തയ്യാറാകുന്നില്ല. പക്ഷെ സാധാരണക്കാ

രുടെ വൈദ്യുതിചാർജും വാട്ടർ ചാർജും ബസു ചാർജും അക്രമ സ്വഭാവത്തിൽ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. *പക്ഷപാതത്തിന്റേയും സ്നേഹരാഹിത്യത്തിന്റേയും ഇവരുടെ 'രാജപാത' ഇവിടെങ്ങും തീരുന്നില്ല.!!*

സ്നേഹരഹിത സത്യപ്രതിജ്ഞയുടെ വചനങ്ങൾ പൂർണ്ണതോതിൽ രൂപമായിമാറിരിക്കുന്നു. ഇതിലൂടെ അധികാരത്തിന് ബീഭത്സരൂപം വന്നിരിക്കുന്നു. ഇതിന്റെ രഥചക്രത്തിനടിയിൽ നമ്മുടെ ജീവനും അവകാശങ്ങളും ചതഞ്ഞരയുകയാണ്. നമ്മുടെ അവകാശങ്ങളെ കവർന്നെടുത്തുകൊണ്ടുള്ള ജനുവരി 9 തിലെ മന്ത്രിസഭാതീരുമാനം നമ്മുക്കെതിരെയുള്ള കിരാതമായ ആക്രമണമാണ്. ഈ കശാപ്പിനു ശേഷം അവർ പറഞ്ഞു- കർഷകർക്കും മറ്റിതരജനങ്ങൾക്കും വേണ്ടിയാണത്രേ ഈ 'മംഗളകർമ്മം' ചെയ്തതെന്ന്. കേരളത്തിലെ ഈ വിഭാഗത്തിലുള്ളവരുടെ മക്കളും സഹോദരങ്ങളുമാണ് സർക്കാർ ജീവനക്കാർ. അവരാരും സർക്കാർ ജീവനക്കാരെ ചുട്ടെരിക്കണമെന്ന് പറയുകയുമില്ല. ***സർക്കാർ ജീവനക്കാരെയും ഇതര ജനവിഭാഗങ്ങളേയും തമ്മിലടിപ്പിച്ച് വൻകിടനികുതി കുടിശ്ശികക്കാരെ സുരക്ഷിതരാക്കാമെന്ന് സർക്കാർ കരുതുന്നു. കുറുക്കന് കൗശലത്തിന് ട്യൂഷൻ നൽകുവാനുള്ള യോഗ്യതാ സർട്ടിഫിക്കേറ്റിന് ഇവർ അർഹരാണെന്ന് ഇതിലൂടെ തെളിയിച്ചിരിക്കുന്നു.*** കടക്കെണിയിൽപെട്ടുകഴിയുന്ന സംസ്ഥാന ജീവനക്കാരോടുള്ള കുറ്റകരമായ ആത്മഹത്യാപ്രേരണയാണ് ഇതിലുള്ളത്. ഇതിന്റെ ദുരിതപൂർണ്ണമായ പ്രത്യാഘാതങ്ങൾക്ക് ഈ സർക്കാർ ഉത്തരവാദികളാണ്.

ആത്മഹത്യചെയ്താലും വിശക്കുന്നവൻ സ്വന്തം സഹോദരനെ മുറിച്ചു തിന്നുകയില്ല. പെണ്ണിനെ കിട്ടാത്തതുകൊണ്ട് ആരും സ്വന്തം പെങ്ങളെ കെട്ടില്ല. വിഭവസമാഹരണത്തിനായ് ഒരു പരിഷ്കൃത സർക്കാരും സ്വന്തം ജീവനക്കാരുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയുമില്ല. *പിടിപ്പുകേടു മൂലം ട്രഷറി കാലിയാക്കിയ വിഭവസമാഹാരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ (ഇരു മുന്നണികളുടെയും പ്രിയ പുത്രർ) അവരുടെ പ്യൂണും ഡ്രൈവറുമുൾപ്പെടെയുള്ള സംസ്ഥാന ജീവനക്കാരുടെ പോക്കറ്റടിക്കുവാൻ സർക്കാറിനെ ഉപദേശിച്ചുവെങ്കിൽ അത്ഭുതപ്പെടുവാനില്ല. ഇത്തരക്കാർ തന്നെയാണല്ലോ മന്ത്രിമാരെ കൊണ്ട് ഭരണഘടനാ വിരുദ്ധമായ സത്യവാചകം ചൊല്ലിച്ചത്.*

സുഹൃത്തുക്കളെ,

***ഭരണഘടനാ വിരുദ്ധമായി സത്യപ്രതിജ്ഞ ചെയ്തതിലൂടെ ഈ സർക്കാരിന്റെ നിയമസാധുത തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്.*** ഈ സത്യപ്രതിജ്ഞയിൽ മന്ത്രിമാർ സ്നേഹത്തെ തള്ളിപ്പറയുന്നു. *അധികാരത്തിന്റെ അൾത്താരയിൽ വചനത്തിലൂടെയും* ***കർമ്മത്തിലൂടെയും ഇവർ സ്നേഹത്തെ കുരിശ്ശിലേറ്റിയിരിക്കുന്നു.*** ഇതിനെതിരെയുള്ള കലാപം കൂടിയാകട്ടെ ഫെബ്രുവരി 6 മുതലുള്ള നമ്മുടെ അനിശ്ചിതകാല സമരം. ***ഡയസ്നോൺ, എസ്മ തുടങ്ങിയസർക്കാർ രാസായുധങ്ങളെ ചെറുത്തുകൊണ്ട് നമ്മുക്ക് ഈ പോരാട്ടം വിജയിപ്പിക്കാം.***

അഭിവാദ്യങ്ങളോടെ
എൻ.കൃഷ്ണപ്രസാദ്. (കൺവീനർ)
സെക്രട്ടറിയേറ്റ് ഐക്യവേദി.( SAVE)

തിരുവനന്തപുരം
02-02-02

# സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല സമരം വിജയിപ്പിക്കുക.